"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവനന്തപുരം വി.പി.എസ്.എച്ച്.എസ്.എസ്. വെങ്ങാനൂരിലെ 2023-24 തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് പാറശാല എം.എസ്.സി. കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവ്യു ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4099/2026/GEDN തീയതി,തിരുവനന്തപുരം, 22-06-2026

---

പരാമർശം:-

1. പാറശാല എം. എസ്. സി. കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവ്യൂ ഹർജി.
2. നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07.05.2026 തീയതിയിലെ DEONTA/2723/2025-B2 നമ്പർ കത്ത്.
3. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 11.05.2026 ലെ ഡിഡിഇ/1609/2026-B5 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12.05.2026 തീയതിയിലെ DGE/7976/2026-RA1 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം വി.പി.എസ്.എച്ച്.എസ്.എസ്. വെങ്ങാനൂരിലെ 2023-24 വർഷത്തെ തസ്തിക നിർണയം സംബന്ധിച്ച് പാറശ്ശാല എം.എസ്.സി. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ പരാമർശം (1) പ്രകാരം സമർപ്പിച്ച റിവിഷൻ ഹർജിയിൽ 11/05/2026 തീയതിയിൽ ബന്ധപ്പെട്ടവരെ ഗൂഗിൾ മീറ്റ് വഴി കേൾക്കുകയുണ്ടായി.

2. "2023-24 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പുനഃക്രമീകരിച്ച് നൽകിയ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിലെ അപാകം പരിഹരിക്കുന്നതിനുവേണ്ടിയാണ് സർക്കാരിൽ റിവ്യൂ പെറ്റിഷൻ ഫയൽ ചെയ്തിട്ടുള്ളതെന്നും നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04/09/2023 തീയതിയിലെ ബി2/60960/23 നമ്പർ ഉത്തരവിന് വിരുദ്ധമായ ഡിവിഷനുകളും തസ്തികകളുമാണ് നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 11/12/2024 തീയതിയിലെ ബി2/60960/23 ഉത്തരവ് പ്രകാരം നെയ്യാറ്റിൻകര ജില്ലാവിദ്യാഭ്യാസ ഓഫീസർ അനുവദിച്ച്

ഉത്തരവ് നൽകിയിരിക്കുന്നത്. നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 11/12/2024 തീയതിയിലെ ബി2/60960/23 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരിക്കുന്ന അധിക ഡിവിഷനുകളിൽ 9-ാം ക്ലാസിൽ രണ്ട് അധിക ഡിവിഷനുകൾക്ക് (8+2=10) അർഹതയുണ്ടായിരിക്കെ ആകെ ഒരു അധിക ഡിവിഷൻ (8+1=9) മാത്രമാണ് അനുവദിച്ചിരിക്കുന്നതെന്നും 6-ാം പ്രവൃത്തിദിന കണക്കുപ്രകാരം 9-ാം ക്ലാസിലെ കുട്ടികളുടെ എണ്ണം 411 ആണെന്നും രണ്ട് അധിക ഡിവിഷനുകൾക്ക് അർഹതയുണ്ടെന്നും നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04/09/2023 തീയതിയിലെ ബി2/60960/23 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ അതനുസരിച്ചുള്ള അധിക ഡിവിഷനുകളും അധിക തസ്തികകളും അനുവദിക്കുകയോ, അനുവദിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുകയോ ചെയ്തിട്ടില്ല.

നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 11/12/2024 തീയതിയിലെ ബി2/60960/23 നമ്പർ ഉത്തരവിൽ, പട്ടിക ഒന്നിൽ അധികമായി അനുവദിക്കുന്ന ഡിവിഷനുകൾ (ക്ലാസ്-9)-2 എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 9-ാം ക്ലാസ്സിൽ അധിക ഡിവിഷനുകൾ രേഖപ്പെടുത്തിയിരിക്കുന്നത് 8+1=9 എന്നാണ്. 9-ാം ക്ലാസിൽ 2023-24 ൽ 411 കുട്ടികൾ ഉണ്ടായിരുന്നതിനാൽ 2 അധിക ഡിവിഷനുകൾക്ക് (8+2=10) അർഹതയുണ്ട്. അധിക ഡിവിഷസകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ക്ലാസ് മുറികളും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും സ്കൂളിൽ ലഭ്യമാണ്.

അർഹമായ ഒരു അധിക ഡിവിഷനും, അപ്രകാരം ഒരു അധിക തസ്തികയും (എച്ച്.എസ്.റ്റി-പി.എസ്) 2023-24 വർഷത്തെ തസ്തിക നിർണ്ണയത്തിൽ പുനഃക്രമീകരണത്തിലൂടെ മനഃപൂർവ്വം കുറവ് വരുത്തിയിട്ടുള്ളത് കെ.ഇ.ആർ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ, 2023-24 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവുപ്രകാരം 9-ാം ക്ലാസ്സിൽ അർഹമായ ഒരു ഡിവിഷനും, അപ്രകാരം (എച്ച്.എസ്.റ്റി-പി എസ്) ഒരു അധിക തസ്തികയും ചട്ടപ്രകാരം അനുവദിച്ച് നൽകാൻ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകാൻ ഹർജിക്കാരനായ പാറശ്ശാല എം.എസ്.സി. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ടിയാളെ നേരിൽ കേട്ടപ്പോൾ ബോധിപ്പിച്ചിരുന്നു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടർ താഴെ പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിക്കുകയുണ്ടായി.

"വെങ്ങാനൂർ മലങ്കര വി.പി.എസ്. ഹയർ സെക്കന്ററി സ്കൂളിൽ 2023-24 വർഷത്തെ

തസ്തിക നിർണ്ണയത്തിൽ എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്)-1, എച്ച്.എസ്.ടി. (നാച്വറൽ സയൻസ്)-1, എച്ച്.എസ്.ടി. (ഗണിതം)-1, എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്)-2, എച്ച്.എസ്.ടി. (ഇംഗ്ലീഷ്)-1, എച്ച്.എസ്.ടി. (ഹിന്ദി)-1, എച്ച്.എസ്.ടി. (മലയാളം)-2, യു.പി.എസ്.ടി.-7, ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി)-1 എന്നീ തസ്തികകൾ അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമന്വയ മുഖാന്തിരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ചിരുന്നു.

ആയതിൽ ഉന്നതതല പരിശോധനക്ക് ശേഷം എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) ഒഴികെയുള്ള തസ്തികകൾ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) ഒഴികെയുള്ള തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അധിക തസ്തിക ശുപാർശ ചെയ്യുന്നതിന്റെ ഭാഗമായ ഉന്നതതല പരിശോധന ദിവസം ഒൻപതാം ക്ലാസിൽ ആകെ 355 കുട്ടികൾ ആയിരുന്നു ഹാജരായിരുന്നത് 47 കുട്ടികൾ അന്നേ ദിവസം ഹാജരായിരുന്നില്ല. ആകെ കുട്ടികളിൽ 401 കുട്ടികളാണ് തസ്തിക നിർണ്ണയത്തിൽ പരിഗണിക്കാവുന്നത്.

ഒൻപതാം ക്ലാസ്സിൽ 410 കുട്ടികൾ വരെ 9 ഡിവിഷനും 411 മുതൽ 10 ഡിവിഷനും അർഹതയുണ്ട്. സന്ദർശന ദിവസം 401 കുട്ടികളെ പരിഗണിച്ച് 9 ഡിവിഷന് അർഹത പരിഗണിച്ച് തസ്തികകൾ ശുപാർശ ചെയ്തത്. ആയതിന്റെ ഭാഗമായാണ് എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്)-1 തസ്തിക ഒഴിവാക്കി മറ്റ് തസ്തികകൾ ശുപാർശ ചെയ്തിരുന്നത് എന്ന വിവരം തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വെങ്ങാനൂർ വി.പി.എസ്. മലങ്കര ഹയർ സെക്കന്ററി സ്കൂളിലെ 2023-24 അധ്യയന വർഷത്തിൽ ആറാം പ്രവർത്തി ദിനത്തിലെ കണക്ക് പ്രകാരം ഒമ്പതാം ക്ലാസിലെ കുട്ടികളുടെ എണ്ണം 411 ആണെന്നും രണ്ട് അധിക ഡിവിഷനുകൾക്ക് അർഹതയുണ്ടെന്നും നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ കണ്ടെത്തിയിരുന്നു, എന്നാൽ അതിനനുസരിച്ചുള്ള ഡിവിഷനുകൾ/അധിക തസ്തികൾ അനുവദിച്ചു കിട്ടിയിട്ടില്ല എന്നും ഒമ്പതാം ക്ലാസിൽ 411 കുട്ടികൾ ഉള്ളതിനാൽ രണ്ട് അധിക ഡിവിഷനുകൾ ചേർത്ത് 10 ഡിവിഷനുകൾക്ക് ആവശ്യമായ ക്ലാസ് മുറികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമായതിനാൽ 10 ഡിവിഷനും ഒരു അധിക തസ്തിയും അനുവദിച്ച് കിട്ടണം എന്നുള്ളതാണ് മാനേജരുടെ ആവശ്യം. നിലവിൽ ഒമ്പതാം ക്ലാസിൽ 9 ഡിവിഷനുകളാണ് അനുവദിച്ചിട്ടുള്ളത്.

അധിക തസ്തിക ശുപാർശ ചെയ്യുന്നതിന്റെ ഭാഗമായ ഉന്നതതല പരിശോധന ദിവസം ഒമ്പതാം ക്ലാസിൽ ആകെ 355 കുട്ടികളായിരുന്നു ഹാജരായിരുന്നതെന്നും 47 കുട്ടികൾ അന്നേദിവസം ഹാജരായിരുന്നില്ല എന്നും ആകെ കുട്ടികളിൽ 41 കുട്ടികളെയാണ് തസ്തിത നിർണയത്തിൽ പരിഗണിക്കാവുന്നതായി ഉണ്ടായിരുന്നതെന്നും ഒമ്പതാം ക്ലാസിൽ 410 കുട്ടികൾ വരെ 9 ഡിവിഷനും 411 കുട്ടികൾ മുതൽ മാത്രമേ പത്താം ഡിവിഷനും അർഹതയുള്ളൂ എന്നതിനാൽ സന്ദർശന ദിവസം ഉണ്ടായിരുന്ന 41 കുട്ടികളെ പരിഗണിച്ചാണ് 9 ഡിവിഷൻ അനുവദിച്ചതെന്നാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

മേൽ സാഹചര്യത്തിൽ പത്താമതായി ഒരു ഡിവിഷൻ കൂടി അനുവദിച്ച് ഒരു അധിക തസ്തിക കൂടി അനുവദിക്കണമെന്ന പരാമർശം (1) പ്രകാരമുള്ള റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ പ്രകാരം പരാമർശം (1) - ലെ റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

കോപ്പറേറ്റ് മാനേജർ എം. എസ്. സി. സ്കൂൾസ്, അയിര പി. ഒ., പാറശ്ശാല.
പ്രധാനാദ്ധ്യാപകൻ, വി.പി.എസ്.എച്ച്.എസ്.എസ്. വെങ്ങാനൂർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെയ്യാറ്റിൻകര.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ (എ2/6/2026/പൊ.വി.വ.).

ഉത്തരവിൻ പ്രകാരം
**Signed by Aji Kumar R**
**Date: 27-06-2026 12:26:37**

സെക്ഷൻ ഓഫീസർ